പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5852 09-07-2012-ൽ മറുപടി നൽകേണ്ടത്.

**റവന്യൂ വകുപ്പിലെ നിയമന സമ്പ്രദായം മാറ്റിയതിനെതിരെ നടപടി**

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂ കയർ വകുപ്പ് മന്ത്രി. |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പിലെ എൽ.ഡി.ക്ലാർക്കു മുതൽ തഹസിൽദാർ വരെയുള്ള തസ്തികകളിലെ ജീവനക്കാരെ ജില്ലാകളക്ടർ വിവിധ ഓഫീസുകളിലേക്ക് നിയമിക്കുന്ന രീതിക്ക് മാറ്റം വരുത്തിക്കൊണ്ട് നിലവിൽ ജീവനക്കാരെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നു തന്നെ ഓരോ ഓഫീസിലേയ്ക്ക് നിയമിച്ച് ഉത്തരവ് നൽകുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ; | (എ) റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ നിയമനാധികാരിയായി ജില്ലാ കളക്ടറെ നിശ്ചയിച്ചിട്ടുള്ള തസ്തികകളിൽ അതാത് ജില്ലാ കളക്ടർ മാരാണ് നിയമനവും സ്ഥലം മാറ്റവും നടത്തിവരുന്നത്. കേരള റവന്യൂ സബോഡിനേറ്റ് സർവ്വീസ്, കേരള റവന്യൂ സർവ്വീസ് എന്നീ സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്യൂട്ടി തഹസിൽദാർ /ജൂനിയർ സൂപ്രണ്ട്, തഹസിൽദാർ/സീനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിലെ നിയമനാധികാരി ലാന്റ് റവന്യൂ കമ്മീഷണർ ആയതിനാൽ ടി തസ്തികകളിലെ നിയമനവും സ്ഥലം മാറ്റവും നടത്തുന്നത് ലാന്റ് റവന്യൂ കമ്മീഷണറാണ് |
| (ബി) പരാതി രഹിതവും ഫലപ്രദവുമായ രീതിയിൽ ജില്ലാ കളക്ടർമാർ നടത്തിയിരുന്ന നിയമന രീതി മാറ്റിയതിലൂടെ എന്തു നേട്ടമാണ് ഉണ്ടാകുന്നത് എന്നു പറയാമോ ; | (ബി), (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കമ്മീഷണറേറ്റ് കേന്ദ്രമായി ഇപ്രകാരം ഓരോ ഒഴിവിലേയ്ക്കും നിയമിക്കപ്പെടുന്നതിൽ സാമ്പത്തിക അഴിമതി വ്യാപകമായി നടക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | |
| (ഡി) പ്രസ്തുത രീതി മാറ്റി ജീവനക്കാരെ ബുദ്ധിമുട്ടിക്കാതെ നിയമന ഉത്തരവിറക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നിലവിലുള്ള രീതി ജീവനക്കാർക്ക് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ